# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 3529. 10..4..2013-ൽ മറുപടിക്ക്.

### ക്ഷീരകർഷകരുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് പരിഹരിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ. ജയചന്ദ്രൻ:<br>ശ്രീ. ജെയിംസ് മാത്യു:<br>ശ്രീ. ബി.ഡി. ദേവസ്സി:<br>ശ്രീമതി കെ.എസ്. സലീഖ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തതയിലേയ്ക്ക് ഉയരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആ ദിശയിലുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ആവശ്യമായ പാലിന്റെ 90 ശതമാനത്തോളം ഇപ്പോൾ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുണ്ട്. പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയിലേയ്ക്ക് സംസ്ഥാനത്തെ എത്തിക്കുവാൻ ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് കർഷകർക്ക് സബ്സിഡി നിരക്കിൽ പശു/കിടാരികളെ നല്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി (MSDP), പുൽകൃഷി നടത്തുന്നതിന് സബ്സിഡി അനുവദിക്കുന്ന തീറ്റപ്പുൽ കൃഷി വികസന പദ്ധതി, സഹകരണ സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഗ്രാമീണ മേഖലയിൽ ക്ഷീരോല്പാദനത്തെ സംബന്ധിച്ച നൂതന പ്രവണതകൾ എത്തിക്കുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്ന പദ്ധതിയും നടപ്പാക്കി വരുന്നു.<br><br>കൂടാതെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്പ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ്, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ |

| | |
|---|---|
| | പദ്ധതി, കറവയന്ത്രവിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു. |
| (ബി) ക്ഷീരകർഷകരുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണം തടയാൻ എന്തെങ്കിലും കർമ്മ പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (ബി) ഉല്പാദനചെലവിലുണ്ടാകുന്ന വർദ്ധന മൂലം കർഷകർ ഈ മേഖലയിൽ നിന്ന് പിൻമാറുന്നത് തടയുന്നതിനായി പാലിന് മെച്ചപ്പെട്ട വില നല്കുകയും കാലിത്തീറ്റയ്ക്ക് അളക്കുന്ന പാലിന് ആനുപാതികമായി സബ്സിഡി അനുവദിക്കുകയും ചെയ്യുന്നുണ്ട്. പുതിയ സംരംഭകരെ ആകർഷിക്കാൻ ചെറുകിട ഡയറിഫാമുകൾ തുടങ്ങാൻ ധനസഹായം അനുവദിക്കുക, ഫാമുകളുടെ യന്ത്രവത്ക്കരണം മുതലായവ നടപ്പാക്കി വരുന്നു. |
| (സി) പ്രസ്തുത മേഖലയിലെ വിവിധ ഏജൻസികളുടെ ഏകോപനത്തിനായി എന്തു നടപടി സ്വീകരിച്ചു? | (സി) ഓരോ വകുപ്പ്/ഏജൻസി നടപ്പാക്കുന്ന പദ്ധതികൾ മറ്റു ഏജൻസികളുടെ സഹകരണത്തോടെ നടപ്പാക്കുന്നുവെന്നും, ഒരേ തരത്തിലുള്ള പദ്ധതികൾ വിവിധ ഏജൻസികൾ നടപ്പാക്കുന്നില്ല എന്നുറപ്പാക്കുന്നതിന് പദ്ധതികൾ നടപ്പാക്കുന്നതിനു മുമ്പായി വിവിധ ഏജൻസികളുടെ യോഗം ചേർന്ന് ഏകോപനം ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.